LIBRARY ARCHIVES Kerala Legislative Assembly

5. *National Tourism Award 2012-13 (Received in 2014) :*

* Most Innovative Tourism Project Award for Kochi Muzhiris Biennale

* Best Civic Management Award for Kumarakom Grama Panchayat

* Award for Most Innovative use of IT-2nd Prize in the Best State Category

2014

1. *UNWTO-ULYSSES Award :*

2. *Golden City Gate Award-ITB Berlin :*

* Gold Prize-Print Campaign - the Great Backwaters

3. *Travel & Leisure South Asia :*

* Best Green Destination in India

* Best Indian State

4. *Lonely Planet Travel Awards :*

* Best Destination for values.

ഇവ കൂടാതെ വകുപ്പ് പങ്കെടുത്ത വിവിധ ദേശീയ മേളകളിൽ കേരളാ ടൂറിസം പവലിയനും കേരളാ ടൂറിസത്തിനും വിവിധ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. യു.എൻ.ഒ.യുടെ ഉപസംഘടനയായ യുണൈറ്റഡ് നേഷൻസ് വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ (യു.എൻ.ഡബ്ല്യു.റ്റി.ഒ.) അവാർഡ് ലഭിച്ചിട്ടുണ്ട്. അത് എക്സലൻസ് ആന്റ് ഇന്നൊവേഷൻ ഇൻ ടൂറിസം എന്ന മത്സര വിഭാഗത്തിൽ കുമരകത്ത് നടപ്പാക്കിയ ഉത്തരവാദിത്ത ടൂറിസം സംരംഭത്തിനാണ് ലഭിച്ചിട്ടുള്ളത്.

**ടൂറിസം വകുപ്പിനുകീഴിലുള്ള വി.ഐ.പി. വാഹനങ്ങൾ**

**209 (T 8270)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ആവശ്യത്തിനുവേണ്ടി എത്ര വാഹനങ്ങളുണ്ടെന്നും ഓരോന്നിന്റെയും രജിസ്ട്രേഷൻ നമ്പർ ഏതാണെന്നും വ്യക്തമാക്കുമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) മന്ത്രിമാരുടെയും വി.വി.ഐ.പി., വി.ഐ.പി.-കളുടെയും ആവശ്യത്തിനുവേണ്ടി ടൂറിസം വകുപ്പിന്റെ കീഴിൽ ഓരോ ജില്ലയിലും എത്ര വാഹനങ്ങളുണ്ടെന്നും അവയുടെ ഓരോന്നിന്റെയും രജിസ്ട്രേഷൻ നമ്പർ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) മന്ത്രിമാരുടെയും ടൂറിസം വകുപ്പിന്റെയും വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വാഹനങ്ങൾക്ക് വേഗപരിധി ബാധകമാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരം വാഹനങ്ങളെ രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് മോട്ടോർവാഹന നിയമത്തിൽ എന്തെങ്കിലും ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ആവശ്യത്തിനുവേണ്ടി ടൂറിസം വകുപ്പിൽനിന്നും നൽകിയിട്ടുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധം 'എ' യിൽ ചേർക്കുന്നു.*

(ബി) മന്ത്രിമാരുടെയും വി.വി.ഐ.പി./വി.ഐ.പി.കളുടെയും ആവശ്യത്തിനുവേണ്ടി ടൂറിസം വകുപ്പിന്റെ കീഴിൽ ഓരോ ജില്ലയിലുമുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ ഉൾപ്പെടെയുള്ള വിവരം അനുബന്ധം 'ബി' യിൽ ചേർക്കുന്നു.*

(സി) ടൂറിസം വകുപ്പിൽനിന്നും മന്ത്രിമാർക്ക് നൽകിയിട്ടുള്ളതും വകുപ്പിന്റെ ഉടമസ്ഥതയിൽ ഉപയോഗിക്കുന്നതുമായ എല്ലാ വാഹനങ്ങൾക്കും തേർഡ് പാർട്ടി ഇൻഷ്വറൻസ് ഉണ്ട്.

(ഡി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള വാഹനങ്ങൾക്ക് വേഗപരിധി ബാധകമാണ്.

(ഇ) ഇത്തരം വാഹനങ്ങളെ രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് മോട്ടോർ വാഹന നിയമത്തിൽ ഭേദഗതി കൊണ്ടു വന്നിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly